"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ.താഹയ്ക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2961/2022/LSGD തീയതി,തിരുവനന്തപുരം, 30-11-2022

---

പരാമർശം:-
1. 14.06.1994ലെ 36/94/ധന നമ്പർ സർക്കുലർ.
2. സ.ഉ(പി) നം.112/17/ധന തീയതി 24.08.2017.
3. ശ്രീ.താഹയുടെ 17.09.2018ലെ ശൂന്യവേതനാവധിയപേക്ഷ.
4. പഞ്ചായത്ത് ഡയറക്ടറുടെ 03.07.2019 ലെ ഇ6-20450/17, 19.09.2022 ലെ ഇ6-985/2021എന്നീ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ.താഹയ്ക്ക് 17.11.2016 മുതൽ 16.07.2017 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.താഹ, 20.02.2006 ൽ സേവനത്തിൽ പ്രവേശിച്ചു. ടിയാന് 17.11.2016 മുതൽ 14.02.2017 വരെ പേരയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തിട്ടുണ്ട്. ടിയാൻ 17.11.2016 മുതൽ 16.07.2017 വരേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റുകളും 16.07.2017 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. അവധിക്കാലയളവിന് ശേഷം എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പുനഃപ്രവേശിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ എറണാകുളം ജില്ലയിലെ മാറാടി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കുമായ ശ്രീ.താഹയ്ക്ക് 17.11.2016 മുതൽ 16.07.2017 വരെയുള്ള കാലയളവിലേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ പ്രസ്തുത കാലയളവ് ആർജ്ജിത അവധിയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ പരാമർശം (2) ഉത്തരവിന് വിധേയമായി കെ.എസ്.ആർ.ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.2961/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, തസ്വഭവ(റൂറൽ), തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം (ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
സെക്രട്ടറി, പേരയം ഗ്രാമപഞ്ചായത്ത്, കൊല്ലം(ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
സെക്രട്ടറി, മാറാടി ഗ്രാമപഞ്ചായത്ത്, എറണാകുളം(ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന).
ശ്രീ.താഹ, ക്ലാർക്ക്, മാറാടി ഗ്രാമപഞ്ചായത്ത്, എറണാകുളം(ഡയറക്ടർ, തസ്വഭവ(റൂറൽ) മുഖേന)
ധന വകുപ്പിന്(24.11.2022 ലെ ഡെവ-5/130/2022/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(149/ഇപിഎ1/2019/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Danuja MS

സെക്ഷൻ ഓഫീസർ

Signed by Danuja M S
Date: 01-12-2022 11:11:02